REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 05-12-2024 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- മഹാരാഷ്ട്ര മുഖ്യമന്ത്രിയായി മുതിർന്ന BJP നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.
- വയനാട്ടിലെ ദുരിത ബാധിതർക്ക് കേന്ദ്രസഹായം വൈകുന്നതിൽ പ്രതിഷേധിച്ച് LDF സംസ്ഥാന വ്യാപകമായി പ്രതിഷേധം സംഘടിപ്പിച്ചു.
- സ്മാർട്ട് സിറ്റി പദ്ധതി ഉപേക്ഷിക്കാൻ ആരുമായും കൂടിയാലോചിക്കാതെ മന്ത്രിസഭ തീരുമാനിച്ചതായി പ്രതിപക്ഷ നേതാവ് VD സതീശൻ.
- ബ്രിസ്ബെയിനിൽ ഇന്ത്യ-ഓസ്ട്രേലിയ- വനിതാ ഏകദിന ക്രിക്കറ്റിൽ ഓസ്ട്രേലിയക്ക് 101 റൺസ് വിജയലക്ഷ്യം.

## വാർത്തകൾ വിശദമായി

മഹാരാഷ്ട്ര മുഖ്യമന്ത്രിയായി മുതിർന്ന BJP നേതാവ് ദേവേന്ദ്ര ഫഡ്നാവിസ് ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. വൈകിട്ട് 5.30-ന് മുംബൈയിലെ ചരിത്രപ്രസിദ്ധമായ ആസാദ് മൈതാനിയിൽ ഗവർണർ C.P രാധാകൃഷ്ണൻ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുക്കും. മൂന്നാം തവണയാണ് ദേവേന്ദ്ര ഫഡ്നാവിസ് മഹാരാഷ്ട്ര മുഖ്യമന്ത്രിയാകുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും NDA ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും കേന്ദ്രമന്ത്രിമാരും സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒഡിഷ സന്ദർശനം തുടരുന്നു. ഒഡീഷ കാർഷിക – സാങ്കേതിക സർവകലാശാലയുടെ 40-ാമത് ബിരുദ ദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

വയനാട്ടിലെ മുണ്ടക്കൈ, ചൂരൽമല ദുരിത ബാധിതർക്ക് കേന്ദ്രസഹായം വൈകുന്നതിൽ പ്രതിഷേധിച്ച് LDF സംസ്ഥാന വ്യാപകമായി പ്രതിഷേധ സമരം സംഘടിപ്പിച്ചു. തിരുവനന്തപുരത്ത് രാജ്ഭവന് മുന്നിലും, ജില്ലകളിൽ കേന്ദ്രഗവൺമെന്റ് ഓഫീസുകൾക്കു മുന്നിലുമായിരുന്നു സമരം.

✪✪✪

വയനാട്ടിലെ ദുരന്തബാധിതരെ സഹായിക്കുന്നതിലെ കേന്ദ്രനിസ്സംഗത പ്രതിഷേധാർഹമാണെന്ന് മന്ത്രി V ശിവൻകുട്ടി അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രി പ്രധാനമന്ത്രിയോട് നേരിട്ട് അഭ്യർത്ഥിച്ച പ്രധാന ആവശ്യങ്ങൾ പോലും പൂർത്തീകരിക്കപ്പെട്ടില്ലെന്ന് മന്ത്രി പറഞ്ഞു. കൂടുതൽ പുനരധിവാസഫണ്ടുകൾ ലഭ്യമാക്കാൻ സംസ്ഥാനത്തെ പ്രാപ്തമാക്കണമെന്നും ശിവൻകുട്ടി ഫേസ്ബുക്കിൽ പറഞ്ഞു.

✪✪✪

കേരളത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നൽകി വയനാട് ജനതയെ സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് നടപടിയെടുക്കണമെന്ന് CPIM കേന്ദ്രകമ്മിറ്റി അംഗം E.P ജയരാജൻ ആവശ്യപ്പെട്ടു. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് കണ്ണൂർ ഹെഡ് പോസ്റ്റാഫീസിനു മുന്നിൽ LDF സംഘടിപ്പിച്ച ജനകീയ പ്രക്ഷോഭം ഉദ്ഘാടനം ചെയ്യുകയായിരുന്നു ജയരാജൻ.

വയനാട് പുനരധിവാസത്തിൽ കേന്ദ്ര സഹായം ആവശ്യപെട്ട് LDF കോഴിക്കോട് പ്രതിഷേധം സംഘടിപ്പിച്ചു. RJD സംസ്ഥാന പ്രസിഡന്റ് എം വി ശ്രേയസ് കുമാർ ഉദ്ഘാടനം ചെയ്തു.

✪✪✪

സ്മാർട്ട് സിറ്റി പദ്ധതി ഉപേക്ഷിക്കാൻ ആരുമായും കൂടിയാലോചിക്കാതെ മന്ത്രിസഭ തീരുമാനിച്ചതായി പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. പദ്ധതി പൂർത്തീകരണം നടപ്പാക്കേണ്ടിയിരുന്ന ദുബായ് ടീകോമിൽ നിന്ന് നഷ്ടപരിഹാരം വാങ്ങുന്നതിനു പകരം, അവർക്ക് പണം നൽകാൻ ഗൂഢനീക്കം നടക്കുന്നതായും അദ്ദേഹം ആരോപിച്ചു. സ്മാർട്ട്സിറ്റി ഭൂമി, സ്വന്തക്കാർക്ക് കൈമാറാൻ വേണ്ടിയാണ് ഇപ്പോഴത്തെ നീക്കമെന്നും സതീശൻ പറഞ്ഞു.

✪✪✪

സിൽവർലൈൻ പദ്ധതിയിൽ K റെയിൽ- ദക്ഷിണ റെയിൽവെ ചർച്ച ഇന്നത്തേക്ക് പിരിഞ്ഞു. തുടർചർച്ചയുണ്ടാകുമെന്നും ഇന്നത്തേത് ആദ്യഘട്ട ചർച്ച മാത്രമാണെന്നും റെയിൽവെ അറിയിച്ചു. അര മണിക്കൂർ മാത്രമാണ് ഇന്ന് ചർച്ചയുണ്ടായത്.

✪✪✪

സംസ്ഥാനത്ത് വൈദ്യുതി നിരക്ക് കൂട്ടുന്നതിൽ ഇന്ന് തീരുമാനമുണ്ടായേക്കും. റെഗുലേറ്ററി കമ്മിഷൻ അംഗങ്ങൾ ഇന്ന് മുഖ്യമന്ത്രിയെ കാണും.

✪✪✪

രാജ്യത്തെ സാങ്കേതിക മേഖലാ വികസനത്തിൽ നാഴികക്കല്ലാകുന്ന ഗൂഗിൾ സുരക്ഷാ എഞ്ചിനീയറിംഗ് കേന്ദ്രം ഹൈദരാബാദിൽ സ്ഥാപിക്കുമെന്ന് ഗൂഗിൾ അറിയിച്ചു. ടോക്കിയോയ്ക്ക് പുറത്ത് ഏഷ്യ-പസഫിക് മേഖലയിൽ ഇത്തരത്തിലെ ആദ്യത്തേതും, ആഗോളതലത്തിൽ അഞ്ചാമത്തേയും അത്യാധുനിക പദ്ധതിയാണിത്.

✪✪✪

യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ ഇരട്ട ഉപഗ്രഹ ദൗത്യമായ പ്രോബ-3 ഇന്ന് PSLV-C59 ഉപയോഗിച്ച് ISRO വിക്ഷേപിക്കും. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ ഇതിന്റെ കൗണ്ട് ഡൗൺ ആരംഭിച്ചു. വൈകിട്ട് 4.12 നാണ് വിക്ഷേപണം.

സാങ്കേതിക തകരാറിനെ തുടർന്ന് ഇന്നലെ വൈകിട്ട് നടത്താനിരുന്ന വിക്ഷേപണം മാറ്റി വെയ്ക്കുകയായിരുന്നു. വിക്ഷേപണത്തിന് 44 മിനിറ്റ് മുമ്പാണ് കൊറോണോ ഗ്രാഫ് ഉപഗ്രഹത്തിന്റെ പ്രൊപ്പൽഷൻ സിസ്റ്റത്തിൽ സാങ്കേതിക തകരാർ കണ്ടെത്തിയത്.

✪✪✪

ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കും, രാജ്ഞി ജെറ്റ്സൺ പേമ വാങ്ചുക്കും രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി രാവിലെ ഡൽഹിയിലെത്തി. വിദേശകാര്യ മന്ത്രി ഡോ.S ജയശങ്കർ വിമാനത്താവളത്തിൽ ഇവരെ സ്വീകരിച്ചു. സന്ദർശനത്തിനിടെ ഭൂട്ടാൻ രാജാവ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തും. ഡോ. ജയശങ്കറും ഗവണ്മെന്റിലെ മുതിർന്ന ഉദ്യോഗസ്ഥരും ഭൂട്ടാൻ രാജാവിനെ സന്ദർശിക്കും.

✪✪✪

മന്ത്രിമാരുടെ നേതൃത്വത്തിൽ കരുതലും കൈത്താങ്ങും താലൂക്ക് തല പരാതി പരിഹാര അദാലത്തിന് തിങ്കളാഴ്ച തുടക്കമാകും. തിരുവനന്തപുരം വഴുതക്കാട് ഗവൺമെന്റ് വനിതാ കോളേജിൽ രാവിലെ തിരുവനന്തപുരം

താലൂക്ക് തല അദാലത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ V.ശിവൻകുട്ടി, G.R അനിൽ എന്നിവരുടെ നേതൃത്വത്തിലാണ് ജില്ലയിൽ അദാലത്ത് സംഘടിപ്പിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ ഈ മാസം ഒൻപത് മുതൽ 17 വരെയാണ് അദാലത്ത് .

✪✪✪

കോഴിക്കോട് എലത്തൂരിൽ HPCL സംഭരണ കേന്ദ്രത്തിൽ നിന്ന് ഡീസൽ പുറത്തേക്കൊഴുകിയ സംഭവത്തിൽ വിവിധ വകുപ്പുകളുടെ പരിശോധന ആരംഭിച്ചു. ആരോഗ്യ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, കോർപറേഷൻ ആരോഗ്യവകുപ്പ് എന്നിവർ സംയുക്തമായാണ് പരിശോധന നടത്തുന്നത്.

രാത്രി വൈകിയും അരക്കിലോമീറ്റർ ദൂരത്തേക്ക് വരെ ഡീസൽ കവിഞ്ഞു ഒഴുകിയതോടെയാണ് നാട്ടുകാർ പ്രതിഷേധിച്ചത്. പ്രദേശവാസികൾ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് ഫയർഫോഴ്സും പോലീസും സ്ഥലത്തെത്തി പരിശോധന നടത്തി. തുടർന്ന് ബാരലുകളിൽ ഇന്ധനം ശേഖരിച്ചു. ഓവർഫ്ലോയെന്നാണ് ഔദ്യോഗിക വിശദീകരണം.

ഇന്ധന ചോർച്ചയുണ്ടായ എലത്തൂർ ഹിന്ദുസ്ഥാൻ പെട്രോളിയം ഗോഡൗൺ, മന്ത്രി A.K ശശീന്ദ്രൻ ഇന്ന് സന്ദർശിക്കും. പ്രദേശവാസികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യും.

✪✪✪

S.T പ്രൊമോട്ടർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ വാർഷികപദ്ധതിയിൽ അനുയോജ്യമായ പ്രോജക്ടുകൾ തയ്യാറാക്കി ഫണ്ട് വകയിരുത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ്, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകി. പട്ടികവർഗ വികസന പദ്ധതികൾക്കായി തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭിക്കുന്ന പ്ലാൻഫണ്ട്, പട്ടികവർഗക്കാരുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രയോജനപ്പെടുത്തണമെന്നും കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

പുതുപ്പാടി നാക്കിലമ്പാട് കോളനിലെ ശോചനീയാവസ്ഥക്കെതിരായ വാർത്തയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് ഉത്തരവ്.

✪✪✪

ബ്രിസ്ബെയിനിൽ ഇന്ത്യ-ഓസ്ട്രേലിയ- വനിതാ ഏകദിന ക്രിക്കറ്റിൽ ഓസ്ട്രേലിയക്ക് 101 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ്

തെരഞ്ഞെടുത്ത ഇന്ത്യയ്ക്ക് 100 റൺസ് എടുക്കുന്നതിനിടെ പത്ത് വിക്കറ്റുകളും നഷ്ടമായി.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഒഡീഷ FC, മുംബൈ സിറ്റി FC യെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് ഭുവനേശ്വറിലാണ് മത്സരം.

✪✪✪

പുരുഷ ഹോക്കി ജൂനിയർ ഏഷ്യാ കപ്പ് ഫൈനലിൽ ഇന്ത്യ കിരീടം നിലനിർത്തി. ഒമാനിലെ മസ്കറ്റിൽ പാക്കിസ്ഥാനെ 5-3 ന് പാരാജയപ്പെടുത്തിയാണ് ഇന്ത്യ കോണ്ടിനെന്റൽ ടൂർണമെന്റിലെ അഞ്ചാം കിരീടം സ്വന്തമാക്കിയത്.

✪✪✪

അണ്ടർ 19 ഏഷ്യ കപ്പ് ക്രിക്കറ്റിൽ നാളെ സെമിയിൽ ഷാർജയിൽ, ഇന്ത്യ ശ്രീലങ്കയെയും, ദുബായിൽ, പാകിസ്ഥാൻ ബംഗ്ലാദേശിനെയും നേരിടും.

ഷാർജയിൽ A ഗ്രൂപ്പിലെ അവസാന മത്സരത്തിൽ UAE യെ പത്ത് വിക്കറ്റിന് തോല്പിച്ചാണ് ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചത്.

✪✪✪

കണ്ണൂർ വളപട്ടണത്തെ അരി വ്യാപാരി KP അഷറഫിന്റെ വീട്ടിൽ കവർച്ച നടത്തിയ കേസിൽ റിമാൻഡിൽ കഴിയുന്ന ലിജേഷിനെ കസ്റ്റഡിയിൽ ലഭിക്കുന്നതിന് പോലീസ് കോടതിയിൽ അപേക്ഷ നൽകി. തിങ്കളാഴ്ചയാണ് ലിജേഷിനെ റിമാൻഡ് ചെയ്ത് .

അതിനിടെ അഷറഫിന്റെ വീട്ടിൽനിന്ന് കവർച്ച ചെയ്ത പണവും സ്വർണാഭരണങ്ങളും കണ്ണൂർ ട്രഷറിയിലെ ലോക്കറിലേക്ക് മാറ്റി.

✪✪✪

മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളുടെയും അധികാര പരിധിയിലെ സ്വകാര്യ ക്ഷേത്രങ്ങളുടെയും ജീർണോദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. ഈ മാസം 31 ന് മുമ്പായി ബന്ധപ്പെട്ട ഡിവിഷൻ അസിസ്റ്റന്റ് കമ്മീഷണർമാരുടെ ഓഫീസിൽ നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

BJP മുൻ തൃശ്ശൂർ ജില്ലാ പ്രസിഡണ്ട് E. രഘുനന്ദനൻ അന്തരിച്ചു. അദ്ദേഹത്തിന് 74 വയസ്സായിരുന്നു. അർബുദ ബാധിതനായി കുന്നംകുളത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെയായിരുന്നു അന്ത്യം.

മൃതദേഹം നാളെ ഉച്ചവരെ അക്കിക്കാവിലെ വീട്ടിൽ പൊതുദർശനത്തിന് ശേഷം മെഡിക്കൽ കോളേജിനു കൈമാറും.

✪✪✪

മുനമ്പം ഭൂവിഷയ കമ്മീഷനിൽ പരാതിക്കാർക്ക് ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം. ഭൂവുടമസ്ഥത സംബന്ധിച്ച പ്രശ്നങ്ങളിൽ ശാശ്വത പരിഹാരം കണ്ടെത്തി, ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ ശുപാർശ ചെയ്യാൻ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് പ്രകാരം ഹൈക്കോടതി മുൻ ആക്ടിംഗ് ചീഫ് ജസ്റ്റിസ് C.N രാമചന്ദ്രൻ നായരെ കമ്മീഷനായി ഗവൺമെന്റ് നിയമിച്ചിരുന്നു.

കാക്കനാട് ഓഫീസിൽ രാവിലെ പത്തുമുതൽ വൈകിട്ട് അഞ്ചുവരെ അപേക്ഷകൾ നേരിട്ട് സമർപ്പിക്കാം.

✪✪✪

സ്വർണ്ണവില വർദ്ധിച്ചു. പവന് 80 രൂപ കൂടി 57,120 രൂപയായി. ഗ്രാമിന് 7,140 രൂപയാണ് വില.

✪✪✪

തൃശ്ശൂർ ഇരിങ്ങാലക്കുടയുടെ സാംസ്കാരികോത്സവമായ 'വർണ്ണക്കുട' ഈ മാസം 26 മുതൽ 29 വരെ നടത്തും. പരിപാടിയുടെ സംഘാടകസമിതി രൂപീകരണ യോഗം മന്ത്രി ഡോ.ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനമാണ് വേദി.

✪✪✪